കെ. ടി. ഡി. സി. പ്രവർത്തനം

9(*598) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ.സി.കെ.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര -നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.ടി.ഡി.സി. ടൂറിസം വികസനത്തിനായി എന്തൊക്കെ പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി ഏതെല്ലാം പരിപാടികളാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) കെ.ടി.ഡി.സി. യുടെ പ്രവർത്തനത്തിന് വേണ്ടി സംസ്ഥാന സർക്കാർ എന്തു തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) കെ.ടി.ഡി.സി. യുടെ കീഴിൽ എത്ര ഹോട്ടലുകളും യാത്രീനിവാസുകളും മോട്ടലുകളും പ്രവർത്തിച്ചു വരുന്നുണ്ട് ;

(എഫ്) യാത്രീനിവാസുകളിലും ഹോട്ടലുകളിലും ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതേവരെ കെ.ടി.ഡി.സി. ക്ക് മൂലധന വിഹിതമായി 23.70 കോടി രൂപയും ലോൺ ആയി 1.80 കോടി രൂപയും നല്കിയിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് അവയിൽ ചിലതിന് കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വനം വകുപ്പിൽ നിന്നും തടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മറ്റും കൃത്യസമയത്ത് ആവശ്യമായ ഏർപ്പാടുകൾ ചെയ്തുകൊടുത്തിട്ടുണ്ട്. വിവിധ കാറ്റഗറികളിലായി 140 പുതിയ തസ്തികകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം, ബോണസ്, ഇൻസെന്റീവ്, തുടങ്ങിയ കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുകയും അതനുസരിച്ച് യഥാസമയം ഉത്തരവുകൾ നൽകുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പ് മന്ത്രി, തദ്ദേശ ഭരണ വകുപ്പ്, ആഭ്യന്തര വകുപ്പ്, റവന്യൂ വകുപ്പ്, ടൂറിസം വകുപ്പ്, ധനകാര്യ വകുപ്പ്, വിദ്യുച്ഛക്തി വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടു നടത്തേണ്ടുന്ന കാര്യങ്ങളിൽ എല്ലാം തന്നെ ചർച്ചകൾ നടത്തിയും മറ്റും യഥാസമയം വേണ്ടുന്ന കാര്യങ്ങൾ ഏർപ്പാടു ചെയ്തു കൊടുത്തിട്ടുണ്ട്. ഇതു കൂടാതെ പ്രതിസന്ധികൾ ഉണ്ടായ എല്ലാ സന്ദർഭങ്ങളിലും ഏറ്റവും ഉയർന്ന തലത്തിൽ ഇടപെട്ട് ന്യായമായ

LIBRARY ARCHIVES Kerala Legislative Assembly

സഹായങ്ങളും ആനുകൂല്യങ്ങളും കെ.ടി.ഡി.സി.-ക്ക് ലഭ്യമാക്കിക്കൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് നിർമ്മിച്ച യാത്രീ നിവാസുകൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, കായലോര വിനോദ-വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ പല സ്ഥാപനങ്ങളും നടത്തുന്നതിനുള്ള ചുമതല കെ. ടി. ഡി. സി. യെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) മൂന്നാർ ഹിൽ റിസോർട്ട്, കുമരകം ടൂറിസ്റ്റ് വില്ലേജ്, ബോൾഗാട്ടി പാലസ് നവീകരണം, മസ്ക്കറ്റ് ഹോട്ടൽ ആപ്ഗ്രഡേഷൻ, ഹെഡ് ഓഫീസ് കെട്ടിട നിർമ്മാണം, ചെന്നൈയിലെ ഗസ്റ്റ് ഹൗസ്/ഹോട്ടൽ പ്രോജക്റ്റ്, ബേക്കൽ റിസോർട്ട് ഡവലപ്മെന്റ്, ഹൗസ്ബോട്ടുകളും കാരവാനുകളും നിർമ്മിക്കൽ, യൂണിറ്റുകളിലെ അക്കൗണ്ടിംഗ് സംവിധാനം കംപ്യൂട്ടർവൽക്കരിക്കൽ തുടങ്ങിയവയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പരിപാടികൾ.

(സി) (ബി) വിഭാഗത്തിന്റെ ഉത്തരമായി പറഞ്ഞിട്ടുള്ള പരിപാടികൾക്ക് പുറമേ ചങ്ങനാശ്ശേരി, ആതിരപ്പള്ളി, ആറൻമുള, എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് നിർമ്മിച്ച മോട്ടലുകളും പീരുമേട്ടിലും മലയാറ്റൂരിലും നിർമ്മിച്ച യാത്രീ നിവാസ്സുകളും കെ. ടി. ഡി. സി. ഏറ്റെടുത്തു നടത്തുന്നതാണ്.

(ഡി) നടപ്പു സാമ്പത്തിക വർഷം 6 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) 15 ഹോട്ടലുകൾ, 4 യാത്രീ നിവാസുകൾ, 14 മോട്ടലുകൾ

(എഫ്) കെ. ടി. ഡി. സി. യൂണിറ്റുകളിലെ സേവനം മെച്ചപ്പെട്ടതാണെന്ന് വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ടൂ സ്റ്റാർ കാറ്റഗറി ഹോട്ടലിനുള്ള കഴിഞ്ഞ വർഷത്തെ അവാർഡ് തന്നെയും കെ.ടി.ഡി.സി.-യുടെ യൂണിറ്റായ കോവളത്തെ ഹോട്ടൽ സമുദ്രയ്ക്കാണ് ലഭിച്ചത്.

ധീരതക്കുള്ള അവാർഡുകൾ പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ

10(*599) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ധീരതയ്ക്കുള്ള അവാർഡുകൾ പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) ധീരതയ്ക്കുള്ള അവാർഡുകൾ നൽകുന്നതിന് അർഹതപ്പെട്ട വ്യക്തികളെയും സംഭവങ്ങളെയും തെരഞ്ഞെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly